പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1067 20-03-2012-ൽ മറുപടി നൽകേണ്ടത്.

**"ചേർത്തല താലൂക്ക് ഓഫീസിലെ ക്ലാർക്കിന്റെ പ്രവർത്തനപരിചയം"**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. തിലോത്തമൻ (എം.എൽ.എ.) | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ബഹു. റവന്യൂ മന്ത്രി. |
| (എ) ചേർത്തല താലൂക്ക് ഓഫീസിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട സീറ്റിലെ ക്ലാർക്കിന്റെ പ്രവർത്തനപരിചയക്കുറവുകൊണ്ടാണോ നാലു മാസങ്ങൾ കഴിഞ്ഞപ്പോൾ സീറ്റിൽ നിന്നും മാറ്റിയതെന്ന് വ്യക്തമാക്കാമോ; | (എ) | റവന്യൂ ഡി.ആർ.എഫ്.എ വകുപ്പിന്റെ 27/12/2007-ലെ 87248/ഡി.ആർ.എഫ്/എ2/2007/റവ നമ്പർ സർക്കുലർ ഖണ്ഡിക 10 പ്രകാരം പ്രവർത്തന പരിചയമുള്ള ക്ലാർക്കിനെ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട ജോലികൾക്ക് നിയമിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുള്ളതാകുന്നു. ഭരണപരമായ സൗകര്യം മുൻനിർത്തിയാണ് സ്ഥലം മാറ്റം നൽകുന്നത്. മാറ്റി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ 08/04/2011 ലാണ് റവന്യൂ വകുപ്പിൽ എൽ.ഡി.ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചിട്ടുള്ളതെങ്കിലും ടിയാൻ 24/12/2001 ൽ സർക്കാർ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ആളാണ്. വില്ലേജ്മാൻ, ക്ലാർക്ക് - ടൈപ്പിസ്റ്റ്, ഗ്രാമസേവകൻ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ച വ്യക്തിയാണ്. അതുകൊണ്ട് ആർജിച്ച പ്രവർത്തിപരിചയം മുൻനിർത്തിയാണ് പ്രസ്തുത സീറ്റിൽ നിയമിച്ചത്. |
| (ബി) അപ്രകാരം മാറ്റിയ ഉദ്യോഗസ്ഥന്റെയും പുതുതായി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്റെയും തസ്തികകൾ, സർവ്വീസിലെ കാലയളവ് എന്നിവ വ്യക്തമാക്കാമോ; | (ബി) | <u>മാറ്റപ്പെട്ട ഉദ്യോഗസ്ഥന്റെ സേവന വിവരം</u><br>(എ) ജോലിയിൽ പ്രവേശിച്ച തീയതി 19/02/2004 (എൽ.ഡി.ക്ലാർക്ക്)<br>യു.ഡി.ക്ലാർക്ക് തീയതി - 11/01/2007.<br>ചേർത്തല താലൂക്ക് ഓഫീസിൽ ജോലിയിൽ പ്രവേശിച്ചതീയതി - 1/06/2011.<br><u>പകരം നിയോഗിച്ചയാളുടെ വിവരം</u><br>എ)ജോലിയിൽ പ്രവേശിച്ച തീയതി 24/12/2001 - വില്ലേജ്മാൻ, റവന്യൂ വകുപ്പ്. 27/05/2004 ക്ലാർക്ക് ടൈപ്പിസ്റ്റ്, വെറ്റിനറി വകുപ്പ്. 24/04/2005 ഗ്രാമസേവകൻ, ഗ്രാമ വികസന വകുപ്പ്.<br>08/04/2011 (എൽ.ഡി.ക്ലാർക്ക്, റവന്യൂ വകുപ്പ്). |
| (സി) പ്രസ്തുത സീറ്റിന്റെ ചുമതലയിൽ വന്ന പുതിയ ഉദ്യോഗസ്ഥൻ എൽ.ഡി. ക്ലാർക്കായത് എന്നാണെന്നും, ഏതെല്ലാം സീറ്റുകൾ എത്രകാലം വീതം | (സി) | ടി ഉദ്യോഗസ്ഥൻ എൽ.ഡി.ക്ലാർക്കായി 8/4/2011 ൽ റവന്യൂ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. അന്നുമുതൽ കുട്ടനാട് താലൂക്ക് ഓഫീസിൽ ആയിരുന്ന ടിയാൻ |

| | | | |
|---|---|---|---|
| | കൈകാര്യം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | | 26/09/2011 - ൽ ചേർത്തല താലൂക്ക് ഓഫീസിലേക്ക് മാറ്റപ്പെട്ടു. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേർത്തല താലൂക്ക് ഓഫീസിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ട സീറ്റിൽ എത്ര പേർ ജോലി ചെയ്തിട്ടുണ്ടെന്നു പറയാമോ; റവന്യൂ വകുപ്പിന്റെ 27/12/2007-ലെ 87248/ഡി.ആർ.എഫ്.എ2/07/റവ സർക്കുലറിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി ഈ സീറ്റിൽ ജീവനക്കാരെ ആവർത്തിച്ചു മാറ്റുന്ന നടപടിയെ സർക്കാർ ന്യായീകരിക്കുന്നുണ്ടോ എന്നു പറയാമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ? | (ഡി) | ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ടി സീറ്റിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്ന് പേരെ മാറ്റി നിയമിച്ചിട്ടുള്ളത് എന്നതിനാൽ ഈ നടപടി പ്രസ്തുത സർക്കുലറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ല. |

സെക്ഷൻ ഓഫീസർ